പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 7

# 2026 - ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനട യാത്രക്കാരുടെ അവകാശ സംരക്ഷണ ബിൽ

(എൻ. കെ. അക്ബർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരളനിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 7

# 2026 - ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനട യാത്രക്കാരുടെ അവകാശ സംരക്ഷണ ബിൽ

(എൻ. കെ. അക്ബർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

പതിനാറാം കേരള നിയമസഭ

ബിൽ നമ്പർ 7

# 2026 - ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനട യാത്രക്കാരുടെ അവകാശ സംരക്ഷണ ബിൽ

(എൻ. കെ. അക്ബർ എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരളത്തിലെ നടപ്പാതകളിലൂടെ സുരക്ഷിതമായി നടക്കാനുള്ള അവകാശം സംരക്ഷിക്കുന്നതിനും, ലംഘനം ഉണ്ടായാൽ പരാതി പരിഹാര സംവിധാനം രൂപീകരിക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിലെ നടപ്പാതകളിലൂടെ സുരക്ഷിതമായി നടക്കാനുള്ള അവകാശം സംരക്ഷിക്കുന്നതിനും, ലംഘനമുണ്ടായാൽ പരാതി പരിഹാര സംവിധാനം രൂപീകരിക്കുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം 1

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്റ്റിന് 2026 - ലെ കേരള നടപ്പാത ഉപയോഗിക്കുന്ന കാൽനട യാത്രക്കാരുടെ അവകാശ സംരക്ഷണ ആക്റ്റ് എന്ന പേര് പറയാം.

(2)ഇത് സർക്കാർ,വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(3) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കും

2. നിർവചനങ്ങൾ.— ഈ ആക്റ്റിൽ,സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ)"നടപ്പാത" എന്നാൽ റോഡ് നിർമ്മിക്കുമ്പോൾ കൃത്യമായി നിർണയിച്ച നടപ്പാത.

(ബി) " ജില്ല നടപ്പാത പരാതി പരിഹാര സമിതി" എന്നാൽ ഈ ആക്റ്റിലെ പതിനേഴാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന ജില്ല നടപ്പാത പരാതി പരിഹാര സമിതി എന്നർത്ഥമാക്കുന്നു.

1243/2026.

## അദ്ധ്യായം 2

### കാൽനട യാത്രക്കാരുടെ നടപ്പാതയിലെ അവകാശങ്ങൾ

ഈ ആക്റ്റ് പ്രകാരം നടപ്പാതയിലൂടെ നടക്കുന്ന ഓരോ കാൽനടയാത്രക്കാരനും താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ് :—

3. തടസ്സങ്ങൾ ഇല്ലാത്ത നടപ്പാത.—തടസ്സങ്ങൾ ഇല്ലാത്ത നടപ്പാതയിലൂടെ സുരക്ഷിതമായി നടക്കാനുള്ള അവകാശം.

4. ഭിന്നശേഷി സൗഹൃദം.—ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കാവുന്ന രീതിയിൽ രൂപകൽപ്പന ചെയ്ത നടപ്പാതകൾ.

5. വിവരം നൽകൽ.—കേടുപാടുകൾ സംഭവിച്ചതും, തടസ്സപ്പെടുന്നതുമായ നടപ്പാതകളെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളെ അറിയിക്കാനുള്ള അവകാശം.

6. പരാതി പരിഹാര സംവിധാനം.— ഈ അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോഴും, കഷ്ട നഷ്ടങ്ങളുടെ പരിഹാരത്തിനും ഈ നിയമത്തിന്റെ സെക്ഷൻ 17 പ്രകാരം രൂപീകരിക്കപ്പെടുന്ന 'പരാതി പരിഹാര സമിതിയെ' സമീപിക്കാനുള്ള അവകാശം.

## അദ്ധ്യായം 3

### നിരോധനങ്ങൾ

പ്രത്യേകം അനുമതി നൽകിയിട്ടുള്ള സാഹചര്യങ്ങളിലൊഴികെ നടപ്പാതകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിരോധിച്ചിരിക്കുന്നു.—

7. വാഹന നിരോധനം.—നടപ്പാതയിലൂടെ വാഹനം ഓടിക്കുന്നതിനുള്ള നിരോധനം.

8. പാർക്കിംഗ്.—നടപ്പാതകളിൽ അനധികൃതമായി വാഹനം പാർക്കിംഗ് ചെയ്യുന്നത് നിരോധിക്കുന്നു.

9. വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗിക്കൽ.—നടപ്പാതകൾ കയ്യേറി വ്യാപാര-വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നിരോധനം

10. മാലിന്യം &നിർമ്മാണ സാമഗ്രികൾ നടപ്പാതകളിൽ തള്ളുന്നതിന് നിരോധനം.

11. നിർമ്മാണ പ്രവർത്തനങ്ങൾ.—കാൽനടയാത്രക്കാർക്ക് തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ നടപ്പാതയിലെ താൽക്കാലികമോ സ്ഥിരമോ ആയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരോധനം.

# അദ്ധ്യായം 4

## സർക്കാരിന്റെയും പ്രാദേശിക ഭരണകൂടങ്ങളുടെയും ഉത്തരവാദിത്വങ്ങൾ

12. നടപ്പാത നിർണയിക്കൽ.—റോഡ് നിർമ്മിക്കുമ്പോൾ കൃത്യമായി നിർണയിച്ച നടപ്പാത ഉണ്ടെന്ന് ഉറപ്പാക്കൽ.

13. നടപ്പാതകളുടെ സംരക്ഷണം.—സുരക്ഷിതവും, എളുപ്പത്തിൽ ഉപയോഗിക്കാവുന്നതുമായ രീതിയിൽ നടപ്പാത സംരക്ഷിക്കുക.

14. കയ്യേറ്റങ്ങൾ നീക്കം ചെയ്യുക.—നിശ്ചിത സമയത്തിനുള്ളിൽ നടപ്പാതകളിലെ അനധികൃത കയ്യേറ്റങ്ങൾ, തടസ്സങ്ങൾ എന്നിവ നീക്കം ചെയ്യുക.

15. റാമ്പുകൾ,ടൈൽസ്,വിളക്കുകൾ സ്ഥാപിക്കൽ.—നടപ്പാതകളിൽ സാധ്യമായ ഇടങ്ങളിൽ റാമ്പുകൾ സ്ഥാപിക്കുക, മതിയായ വെളിച്ചം ഉറപ്പുവരുത്തുക, കാഴ്ച പരിമിതി ഉള്ളവർക്ക് നടപ്പാത ഉപയോഗിക്കാൻ കഴിയുന്ന ടൈലുകൾ പതിക്കുക.

16. പരിശോധനകൾ.— നടപ്പാതയിൽ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഉണ്ട് എന്ന് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

# അദ്ധ്യായം 5

## പരാതി പരിഹാര സമിതി

17. ജില്ല നടപ്പാത പരാതി പരിഹാര സമിതി.— സർക്കാർ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്കുശേഷം എത്രയും വേഗം നടപ്പാതയിലൂടെ നടക്കുന്ന കാൽനടയാത്രക്കാരുടെ പരാതികൾ പരിഹരിക്കുന്നതിനായി "ജില്ല നടപ്പാത പരാതി പരിഹാര സമിതികൾ" രൂപീകരിക്കേണ്ടതാണ്.

18. ജില്ല പരാതി പരിഹാര സമിതിയുടെ ഘടന.—അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്; അതായത്,—

(എ) ചെയർപേഴ്സൺ:- റിട്ടയേഡ് ഐഎഎസ് ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ജില്ലാ ജഡ്ജി;

(ബി) അംഗം:-ജില്ലയിലെ നിയമസഭാ സാമാജികർ അല്ലെങ്കിൽ സാമാജികർ നിയോഗിക്കുന്ന പ്രതിനിധി;

(സി) അംഗം (നിയമ വിദഗ്ധൻ):- ഉപഭോക്തൃ നിയമങ്ങളിൽ വൈദഗ്ധ്യമുള്ള സർക്കാർ നിയമിക്കുന്ന അതത് ജില്ലയിലെ ഒരു അഭിഭാഷകൻ;

(ഡി) അംഗം:- അതത് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റ് /വൈസ് പ്രസിഡന്റ് പദവികൾ വഹിക്കുന്ന വ്യക്തി;

(ഇ) എക്സ്- ഒഫീഷ്യോ അംഗം:- അതത് ജില്ലയിലെ പൊതുമരാമത്ത് വകുപ്പിന്റെ ഉദ്യോഗസ്ഥ പ്രതിനിധി;

(എഫ്) എക്സ്- ഒഫീഷ്യോ അംഗം:- അതത് ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉദ്യോഗസ്ഥ പ്രതിനിധി;

( ജി ) എക്സ്- ഒഫീഷ്യോ അംഗം:- അതത് ജില്ലയിലെ ജില്ലാ പോലീസ് മേധാവി.

## അദ്ധ്യായം 6

## ജില്ല നടപ്പാത പരാതി പരിഹാര സമിതിയിലെ അംഗങ്ങളുടെ സേവന വ്യവസ്ഥകളും ചുമതലകളും അധികാരങ്ങളും

19. സമിതിയുടെ ചുമതലകൾ.—(1)നടപ്പാതകൾ സംബന്ധിച്ചുള്ള പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ സ്വീകരിക്കുക.

(2) സമിതിക്ക് ലഭിക്കുന്ന പരാതികളിൽ മേൽ അന്വേഷണം നടത്തി 48 മണിക്കൂറിനുള്ളിൽ പ്രാഥമിക നടപടി സ്വീകരിക്കുക.

(3) നടപ്പാതയിലൂടെ നടക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്ന തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകൽ.

(4) പ്രാഥമിക അന്വേഷണത്തിൽ നിയമലംഘനം ബോധ്യമാകുന്നുവെങ്കിൽ രേഖാമൂലമുള്ള റിപ്പോർട്ട് തയാറാക്കി ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരിക.

(5) നിയമത്തിൽ പറയുന്ന നിരോധനങ്ങളുടെ ലംഘനങ്ങളുടെ ഭാഗമായി കഷ്ടനഷ്ടങ്ങൾ ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിന് ശുപാർശ ചെയ്യുക.

20. സമിതിയുടെ അധികാരങ്ങൾ.—(1)ലഭ്യമാകുന്ന പരാതികൾക്കുമേൽ രേഖകൾ പരിശോധിക്കുന്നതിനും,പിടിച്ചെടുക്കുന്നതിനും, ഉത്തരവാദികളായ വ്യക്തികളെ വിളിച്ച് വരുത്തുന്നതിനും സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന വീഴ്ചകൾക്കും/സമിതിക്ക് കൃത്യമായി വിവരം നൽകാതിരിക്കുകയോ,സമിതിക്ക് മുമ്പിൽ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിന് വകുപ്പ് മേധാവികൾക്ക് ശുപാർശ നൽകുന്നതിനുള്ള അധികാരം.

(3) കുറ്റക്കാരാണ് എന്ന് കണ്ടെത്തുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ നൽകുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരുടെ ഭരണകാലാവധി ചുമതല ഏറ്റെടുത്ത തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്കായിരിക്കും.

(2) അതോറിറ്റി അംഗങ്ങൾക്ക് 70 വയസ്സ് പൂർത്തിയായിരിക്കുവാൻ പാടുള്ളതല്ല.

(3) കാലാവധി പൂർത്തിയാക്കിയ അംഗങ്ങൾക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(4) ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവർക്ക് സർക്കാരിനെ സംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതി നൽകിയ ഒരു രാജിക്കത്ത് മുഖേനെ ഏതുസമയത്തും തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(5) ഗുരുതരമായ പെരുമാറ്റ ദൂഷ്യം, അഴിമതി, ചുമതലകൾ നിർവഹിക്കുന്നതിലെ പരാജയം എന്നിവ തെളിവുകൾ സഹിതം ബോധ്യപ്പെടുന്നപക്ഷം ചെയർപേഴ്സൺ /അംഗങ്ങൾ എന്നിവരെ കാലാവധിക്ക് മുൻപ് നീക്കം ചെയ്യുന്നതിന് സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(6) മരണം, രാജി, നീക്കം ചെയ്യൽ എന്നീ കാരണങ്ങളാൽ ചെയർപേഴ്സന്റെയോ അംഗങ്ങളുടെയോ ആകസ്മിക ഒഴിവുണ്ടാകുന്നപക്ഷം സർക്കാർ അവ നികത്തുവാനുള്ള നിയമനം നടത്തേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന വ്യക്തിക്ക് ആരുടെ സ്ഥാനത്തെക്കാണോ അദ്ദേഹത്തെ നിയമിക്കപ്പെടുന്നത് അയാളുടെ അവശേഷിക്കുന്ന ഔദ്യോഗിക കാലയളവിലേക്ക് മാത്രം ഉദ്യോഗം വഹിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

22. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ, പിൽക്കാലപ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിന് കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലൊ പെടാവുന്ന ആകെ

14 ദിവസത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്ത വരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ്, നിയമസഭ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാകേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതി പോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പൊതുജനങ്ങൾക്ക് സുരക്ഷിതമായി സഞ്ചരിക്കാനുള്ള അവകാശം സംരക്ഷിക്കേണ്ടത് സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. നടപ്പാതകളിൽ കിയോസ്കുകൾ, താൽക്കാലിക കച്ചവട കേന്ദ്രങ്ങൾ, മറ്റ് അനധികൃത നിർമ്മാണങ്ങൾ എന്നിവ അനുവദിക്കുന്നത് പൊതുജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നുണ്ട്.

നടപ്പാതകൾ കാൽനടയാത്രക്കാർക്കായി മാത്രമുള്ള പൊതുസൗകര്യമാണ് അവ കൈയേറി വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് അനുവദിക്കാൻ കഴിയുന്നതല്ല. ഇത്തരം കൈയേറ്റങ്ങൾ അപകടസാധ്യത വർദ്ധിപ്പിക്കുകയും കാൽനടയാത്രക്കാരെ റോഡിലേക്ക് ഇറങ്ങാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നു. അനധികൃത കിയോസ്കുകളും കച്ചവട കേന്ദ്രങ്ങളും കണ്ടെത്തി നടപടി സ്വീകരിച്ച് നടപ്പാതകൾ കൈയേറ്റങ്ങളിൽ നിന്ന് മുക്തമാക്കി സുരക്ഷിതവും തടസരഹിതവുമായ നടപ്പാത യാത്ര ഉറപ്പാക്കുന്നതിനും ഈ നിയമം അത്യന്താപേക്ഷിതമാണ്. ആയതിനാലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പരാതി പരിഹാര അതോറിറ്റികളുടെ രൂപീകരണത്തിനും ഉദ്യോഗസ്ഥരുടെ നിയമനത്തിനും ആയി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ആവർത്തക-അനാവർത്തക ചെലവുകൾ പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോട് കൂടിയതാണ്.

എൻ. കെ. അക്ബർ, എം. എൽ. എ.